**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3189** | **21.06.2013 ൽ മറുപടിയ്ക്ക്** |

**പ്രീപ്രൈമറി/അംഗൻവാടി വർക്കർമാർക്ക് പരിശീലനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.ദാസൻ** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്തെ പ്രീപ്രൈമറി/ അംഗൻവാടി വർക്കർമാർക്ക് സർക്കാർ തലത്തിൽ പരിശീലനങ്ങൾ/പിന്തുണ സംവിധാനം എന്തെല്ലാം; | (എ) എല്ലാ വർഷവും അംഗൻവാടി വർക്കർമാർക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകൃത സിലബസിന്റെ അടിസ്ഥാനത്തിൽ അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേന ജോലിയിൽ പ്രവേശിക്കുന്നതിനനുസരിച്ച് തുടക്കത്തിൽ ഒരു മാസത്തെ ജോബ് ട്രെയിനിംഗും വർഷത്തിലൊരിക്കൽ റിഫ്രഷർ ട്രെയിനിംഗും നൽകി വരുന്നു. ഇതിനായി വിവിധ ജില്ലകളിൽ 15 സർക്കാർ അംഗീകൃത പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) നിലവിൽ ഇവർക്ക് അക്കാദമിക് നിലവാരത്തിൽ എന്തെങ്കിലും കൈപുസ്തകങ്ങളോ പഠന സാമഗ്രികളോ നൽകുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) അംഗൻവാടി വർക്കർമാർക്ക് അവരുടെ പ്രതിദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി വിശദമായ വിവരണങ്ങളും നിർദ്ദേശങ്ങളും അടങ്ങിയ ഒരു കൈപ്പുസ്തകം അംഗൻവാടിയിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ